# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

16.09.2017 ഉച്ച കഴിഞ്ഞ് 2.30 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ മിനിറ്റ്സ് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണവും വികസനവും III – സെക്ഷൻ

നം. 5772/പി & ഡി-3/2/2017/ ഭരണവിഭാഗം തീയതി. പി.ഡി.ഹിൽസ് – 26.09.2017

**പരാമർശം:** 1) 16.09.2017-നു ഉച്ച കഴിഞ്ഞ് 2.30 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച മിനിറ്റ്സ്.

2) 16.09.2017-ലെ റൂസ പദ്ധതി അവലോകന സമിതി യോഗത്തിന്റെ അജൻഡ.

## ഉത്തരവ്

പരാമർശം (1) പ്രകാരം റൂസ പദ്ധതി അവലോകന സമിതിയുടെ യോഗം 16.09.2017-ന് ഉച്ച കഴിഞ്ഞ് 2.30 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാമ്പസിൽ നടപ്പിലാക്കി വരുന്ന സി-ടെക്സ് ഇ-ഗവേണൻസ് പദ്ധതിയ്ക്കായി 500 തിൻ ക്ലൈന്റ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി ഇ-ടെൻഡർ മുഖേന സാധുതയുള്ള ഒരു ടെൻഡർ മാത്രം ലഭിച്ച സാഹചര്യത്തിൽ തിൻ ക്ലൈന്റ് കമ്പ്യൂട്ടറിനായി നിലവിൽ തയ്യാറാക്കിയ സ്പെസിഫിക്കേഷൻ പ്രകാരം തന്നെ റീ-ടെൻഡർ നടപടികൾ നടത്തേണ്ടതുണ്ടോ അല്ലെങ്കിൽ സ്പെസിഫിക്കേഷൻ മാറ്റം വരുത്തി പുതിയ ടെൻഡർ പുറപ്പെടുവിക്കേണ്ടതുണ്ടോ എന്ന് യോഗം ചർച്ച ചെയ്തു. ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. മധു. വി.റ്റി. (ഏകോപനാധികാരി, ഐ.റ്റി. സെൽ) - നെ ചുമതലപ്പെടുത്തി.
2. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായി 65 ലക്ഷം (അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയിൽ രണ്ട് ഉപകരണങ്ങൾക്ക് സപ്ലൈ ഓർഡർ നൽകിയ ശേഷം ലഭ്യമായ ബാക്കി തുകയിൽ നിന്നും 73,160/- (എഴുപത്തി മൂവായിരത്തി നൂറ്റി അറുപത് രൂപ മാത്രം) ഉപയോഗപ്പെടുത്തി ഇലക്ട്രോ സ്പിന്നിങ്ങ് യൂണിറ്റിന്റെ ആക്സസ്സറീസ് വാങ്ങുന്നതിനുള്ള സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സ് വകുപ്പു മേധാവിയുടെ അപേക്ഷ യോഗം പരിഗണിച്ചു. ഇലക്ട്രോ സ്പിന്നിങ്ങ് യൂണിറ്റിന്റെ ആക്സസ്സറീസ് വാങ്ങുന്നതിന് അനുവാദം നൽകാൻ യോഗം തീരുമാനിച്ചു. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നാല് സയൻസ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടിയന്തിരമായി ലഭ്യമാക്കുന്നതിന് വകുപ്പു മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന് പി & ഡി-3 സെക്ഷനെ ചുമതലപ്പുടത്തി.
3. റൂസ ഫണ്ടുപയോഗിച്ച് സർവകലാശാലയിൽ നടന്നു വരുന്ന വിവിധ കെട്ടിടങ്ങളുടെ പെയിന്റിംഗ്, നവീകരണം, അറ്റകുറ്റ പണികൾ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(മറുപുറം...)

4. സർവകലാശാല ക്യാമ്പസ് സൗരോർജ്ജ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനായി ഇ-ടെൻഡർ മുഖാന്തിരം ലഭിച്ച ടെൻഡറുകൾ തുറന്ന് നടപടികൾ പൂർത്തിയാക്കുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി.
5. സ്റ്റുഡന്റ് അമ്നിറ്റീ & ഇൻകുബേഷൻ സെന്റർ കെട്ടിട നിർമ്മാണത്തിനായി പദ്ധതി പ്രദേശത്ത് നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടി മാറ്റുന്നതിന് ബന്ധപ്പെട്ട കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ മരം വെട്ട് പൂർത്തിയാക്കി ഒരാഴ്ചയ്ക്കുള്ളിൽ പദ്ധതി പ്രദേശം നിർമ്മാണത്തിനായി കൈമാറുന്നതിന് എസ്റ്റേറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.
6. ക്യാമ്പസ് സൗന്ദര്യവത്കരണത്തിന്റെ ഭാഗമായുള്ള സർവകലാശാല ക്യാമ്പസിലെ റോഡുകളുടെ പുനരുദ്ധാരണവും നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ മഴ തീരുന്നതനുസരിച്ച് പൂർത്തിയാക്കുമെന്ന് സർവകലാശാല എഞ്ചിനീയർ അറിയിച്ചത് യോഗം അംഗീകരിച്ചു.
7. സർവകലാശാലയിൽ ക്യാമ്പസ് സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഇന്റർ ലോക്കിംഗ് കട്ടകൾ പാകുന്നതും ചെയിൻ ലിങ്ക് വേലി കെട്ടുന്നതും അന്തിമ ഘട്ടത്തിലാണെന്ന് സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു.
8. ക്യാമ്പസ് വൈഫൈ അനുബന്ധ ഐ.റ്റി. പദ്ധതികൾ സംബന്ധിച്ച് റേറ്റ് നെഗോഷ്യേഷന് ശേഷം കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം ആകെ പദ്ധതിയുടെ ചെലവ് 6,16,26,006/- രൂപ (ആറ് കോടി പതിനാറ് ലക്ഷത്തി ഇരുപത്തിയാറായിരത്തി ആറ് രൂപ മാത്രം) ആണെന്ന് പി & ഡി-3 സെക്ഷൻ റിപ്പോർട്ട് ചെയ്തു. പ്രസ്തുത തുക അംഗീകരിച്ച പി.എ.സി. ആയ 4,95,21,850/- (നാല് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) രൂപയെക്കാൾ 1,21,04,156/- രൂപ (ഒരു കോടി ഇരുപത്തിയൊന്നു ലക്ഷത്തി നാലായിരത്തി നൂറ്റിയൻപത്തിയാറ് രൂപ മാത്രം) കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഇപ്പോൾ ക്വാട്ട് ചെയ്തിരിക്കുന്ന തുക നിർമ്മാണം ആരംഭിക്കുന്ന സ്റ്റുഡന്റ് അമ്നിറ്റി & ഇൻകുബേഷൻ സെന്ററിനുള്ളിൽ നടപ്പാക്കേണ്ട നെറ്റ് വർക്കിംഗ് ഉപകരണങ്ങൾ ഡിജിറ്റൽ ക്ലാസ്സ് റൂം, വീഡിയോ കോൺഫറൻസിംഗ് ഫെസിലിറ്റി, ഓൺലൈൻ കരിയർ ഡവലപ്മെന്റ് ട്രെയിനിംഗ് എന്നിവ കൂടി ഉൾപ്പെടുന്നതാണ്. എന്നാൽ കരിയർ ഡെവലപ്മെന്റ് & ഇൻകുബേഷൻ സെന്റർ കെട്ടിടം പണി ആരംഭിക്കുക മാത്രം ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേൽ പറഞ്ഞ ഘടകങ്ങൾ റിവൈസ്ഡ് പ്രൊപ്പോസലിൽ നിന്നും ഒഴിവാക്കി കഴിഞ്ഞാൽ പദ്ധതി ചെലവിൽ എത്രമാത്രം കുറവുണ്ടാകുമെന്നത് സംബന്ധിച്ച് കണക്കാക്കി അപ്രകാരം കുറവു വരുത്തി പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം), ജോയിന്റ് രജിസ്ട്രാർ ഫിനാൻസ്, സർവകലാശാല എഞ്ചിനീയർ , ഹരികൃഷ്ണൻ എം.വി., സിസ്റ്റം മാനേജർ ഇൻ-ചാർജ്ജ് എന്നിവരടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ശുപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിക്കുകയുണ്ടായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

തുളസീലാൽ ആർ.എൻ
ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. വകുപ്പു മേധാവി, സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സ്
4. വകുപ്പു മേധാവി, സ്കൂൾ ഓഫ് ബയോസയൻസസ്
5. വകുപ്പു മേധാവി, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്
6. വകുപ്പു മേധാവി, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്
7. ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
8. ജോയിന്റ് രജിസ്ട്രാർ (ഫിനാൻസ്)
9. സർവകലാശാല എഞ്ചിനീയർ
10. ശ്രീ. മധു. വി.റ്റി. (ഏകോപനാധികാരി, ഐ.റ്റി. സെൽ)
11. ശ്രീ. ഹരികൃഷ്ണൻ എം.വി., സിസ്റ്റം മാനേജർ ഇൻ-ചാർജ്ജ്
12. എസ്റ്റേറ്റ് ഓഫീസർ
13. ഫിനാൻസ് I,IV/ഓഡിറ്റ് I/ അക്കൗണ്ട്സ് V
14. എ.സി.സി. സെക്ഷൻ/എ.ഡി.ഡി. സെക്ഷൻ
15. ജോയിന്റ് ഡയറക്ടർ, എൽ.എഫ്.എ
16. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
17. സി.എം.സ്
18. എസ്.എഫ്/എഫ്.സി

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി & ഡി- 3/2/702/281/2016/ഭരണവിഭാഗം**